213

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# പൊതു പ്രോവിഡൻറ് ഫണ്ട് ആക്റ്റ്, 1968

(1968–ലെ 23-ാം നമ്പർ ആക്റ്റ്)

വില : Rs 1-40

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1981

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പൊതു പ്രോവിഡൻറ് ഫണ്ട് ആക്റ്റ്, 1968

(1968-ലെ 23-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

2/2357/V.

# പൊതു പ്രോവിഡന്റ് ഫണ്ട് ആക്റ്റ്, 1968

(1968-ലെ 23-ാം ആക്റ്റ്)

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ.


1. ചുരുക്കപ്പേരും വ്യാപ്തിയും
2. നിർവ്വചനങ്ങൾ
3. പൊതുപ്രോവിഡന്റ് ഫണ്ട് പദ്ധതി.
4. ഫണ്ടിലേയ്ക്കുള്ള വരി സംഖ്യകൾ.
5. പലിശ.
6. തിരിച്ചെടുക്കൽ.
7. വായ്പ നൽകൽ.
8 വരിക്കാരന്റെ മരണാനന്തരം പണം നൽകൽ.
9 ജപ്തിയ്ക്ക് എതിരായ സംരക്ഷണം.
10. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്കു സംരക്ഷണം.
11 വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.
12. പദ്ധതി, പാർലമെന്റിന്റെ മുമ്പാകെ വയ്ക്കേണ്ടതാണെന്ന്.


---

# പൊതു പ്രോവിഡൻറ് ഫണ്ട് ആക്റ്റ്, 1968

(1968-ലെ 23-ാം ആക്റ്റ്)

പൊതുജനങ്ങൾക്ക് ഒരു പ്രോവിഡൻറ് ഫണ്ട് സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പത്തൊൻപതാം സംവൽസരത്തിൽ പാർലമെൻറ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

**ചുരുക്കപ്പേരും വ്യാപ്തിയും.**

1. (1) ഈ ആക്റ്റിന് പൊതുപ്രോവിഡൻറ് ഫണ്ട് ആക്റ്റ്, 1968, എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവനും വ്യാപിക്കുന്നു.

**നിർവ്വചനങ്ങൾ**

2. ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ഫണ്ട്" എന്നാൽ പദ്ധതിയുടെ കീഴിൽ ഏർപ്പെടുത്തിയ പൊതുപ്രോവിഡൻറ് ഫണ്ട് എന്ന് അർത്ഥമാകുന്നു;

(ഖ) "മൈനർ" എന്നാൽ ഇൻഡ്യൻ പ്രായപൂർത്തി ആക്റ്റ്, 1875-ൻ കീഴിൽ പ്രായപൂർത്തി ആയതായി കരുതപ്പെടാത്ത ആൾ എന്നർത്ഥമാകുന്നു;

(ഗ) "പദ്ധതി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ രൂപവത്ക്കരിച്ചിട്ടുള്ള പൊതുപ്രോവിഡൻറ് ഫണ്ട് പദ്ധതി എന്നർത്ഥമാകുന്നു;

(ഘ) "വരിക്കാരൻ" എന്നാൽ 4-ാം വകുപ്പിൻ കീഴിൽ ഫണ്ടിലേയ്ക്ക് വരിസംഖ്യ കൊടുക്കുന്ന ഒരു വ്യക്തി എന്നും അങ്ങനെയുള്ള വരിസംഖ്യ ഒരു മൈനർക്കുവേണ്ടി അയാളുടെ രക്ഷകർത്താവായ ഒരു വ്യക്തി കൊടുക്കുന്നിടത്ത്, അങ്ങനെയുള്ള മൈനർ എന്നും അർത്ഥമാകുന്നു;

(ങ) "വർഷം" എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു:

**പൊതുപ്രോവിഡൻറ് ഫണ്ട് പദ്ധതി.**

3. (1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പൊതുജനങ്ങൾക്കു ഒരു പ്രോവിഡൻറ് ഫണ്ട് ഏർപ്പെടുത്തുന്നതിന് പൊതു പ്രോവിഡൻറ് ഫണ്ട് പദ്ധതി എന്നു പറയപ്പെടുന്ന ഒരു പദ്ധതി രൂപവത്ക്കരിക്കാവുന്നതും, പദ്ധതി രൂപവത്ക്കരിച്ചതിനുശേഷം, ആവുന്നത്ര വേഗത്തിൽ ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ചു ഒരു ഫണ്ട്, ഏർപ്പെടുത്തേണ്ടതുമാകുന്നു.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പദ്ധതിക്ക് പട്ടികയിൽ വിനിർദ്ദേശിച്ച വിഷയങ്ങളിൽ എല്ലാത്തിനുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ പദ്ധതിക്ക് ഈ ആക്റ്റ് അല്ലാതെ തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഈ ആക്റ്റ് അല്ലാതെ മറേറതെങ്കിലും നിയമത്തിൻെറ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

(4) കേന്ദ്രഗവൺമെൻറിന്, അതതുസമയം, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ഈ പദ്ധതിയിൽ കൂട്ടിച്ചേർക്കുകയോ അതിനെ ഭേദഗതി ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

**ഫണ്ടിലേയ്ക്കുള്ള വരിസംഖ്യകൾ**

4. ഏതൊരു വ്യക്തിക്കും, തനിക്കുവേണ്ടിയോ അല്ലെങ്കിൽ താൻ രക്ഷകർത്താവായിട്ടുള്ള ഒരു മൈനർക്കുവേണ്ടിയോ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിലും അങ്ങനെയുള്ള ഏററവും കൂടിയതും ഏററവും കുറഞ്ഞതുമായ പരിധികൾക്ക് വിധേയമായും, ഫണ്ടിലേയ്ക്ക് വരിസംഖ്യ നൽകാവുന്നതാണ്.

**പലിശ.**

5. 4-ാം വകുപ്പിൻകീഴിൽ നൽകുന്ന എല്ലാ വരിസംഖ്യകൾക്കും അപ്പോഴപ്പോൾ കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യാവുന്ന പലിശ ഉണ്ടായിരിക്കുന്നതും, പലിശ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ കണക്കാക്കേണ്ടതുമാണ്.

**തിരിച്ചെടുക്കൽ.**

6. (1) ഒരു വരിക്കാരന്, ഫണ്ടിൽ തൻെറ വരവിൽ കൊള്ളിച്ചിട്ടുള്ള തുകയിൽനിന്നു (അതിൻമേൽ ഉണ്ടായ പലിശ ഉൾപ്പെടെ) പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്നത്രത്തോളവും അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമായും തിരിച്ചെടുക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ അങ്ങനെയുള്ള തിരിച്ചെടുക്കൽ, അയാൾ ഫണ്ടിലേയ്ക്ക് ആദ്യമായി വരിസംഖ്യ കൊടുത്ത വർഷാവസാനം മുതൽ അഞ്ചുവർഷകാലാവധി കഴിഞ്ഞതിനുശേഷം മാത്രമേ അനുവദിക്കുകയുള്ളു.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു വരിക്കാരന്, അയാൾ ആ ഫണ്ടിലേയ്ക്ക് ആദ്യമായി വരിസംഖ്യ കൊടുത്ത വർഷാവസാനം മുതൽ, പതിനഞ്ചുവർഷക്കാലാവധി കഴിഞ്ഞതിനുശേഷം ആ ഫണ്ടിൽ തന്റെ വരവിൽ കൊള്ളിച്ചിട്ടുള്ള ശേഷിച്ച സംഖ്യ മുഴുവനും തിരിച്ചെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) (1)-ം (2-ം) ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, താൻ രക്ഷകർത്താവായിട്ടുള്ള ഒരു മൈനർക്കുവേണ്ടി ഫണ്ടിലേക്ക് വരിസംഖ്യ നൽകിയിട്ടുള്ള ഒരു വ്യക്തിയ്ക്ക്, ഫണ്ടിൽനിന്നു മൈനറുടെ ഉപയോഗത്തിനുമാത്രമേ ഫണ്ടിൽ നിന്നു ഏതെങ്കിലും തുക തിരിച്ചെടുക്കുന്നതിന് അവകാശമുണ്ടായിരിക്കയുള്ളു.

**വായ്പ നൽകൽ.** 7. ഒരു വരിക്കാരന്, ആ ഫണ്ടിൽ അയാളുടെ വരവിൽ കൊള്ളിച്ചിട്ടുള്ള തുകയിൽനിന്നു പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും വായ്പകൾ നൽകാവുന്നതും, വരിക്കാരൻ ഒരു മൈനർ ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള വായ്പകൾ മൈനറുടെ ഉപയോഗത്തിനുവേണ്ടി മാത്രം അയാളുടെ രക്ഷാകർത്താവിന് നൽകേണ്ടതും ആകുന്നു.

**വരിക്കാരന്റെ മരണനാന്തരം പണം നൽകൽ.** 8. (1) ഒരു വരിക്കാരൻ മരിക്കുകയും, അയാളുടെ മരണസമയത്ത് ഏതെങ്കിലും ആളുടെ പേരിൽ നാമനിർദ്ദേശം പ്രാബല്യത്തിൽ ഇരിക്കുകയും ചെയ്യുകയാണെങ്കിൽ ഫണ്ടിൽ അയാളുടെ വരവിലുള്ള എല്ലാ തുകകളും നിർദ്ദിഷ്ടനാമാവിനു നൽകേണ്ടതാണ്.

(2) നിർദ്ദിഷ്ടനാമാവ് ഒരു മൈനർ ആയിരിക്കുന്നിടത്ത്, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള തുകകൾ, ഒരു ക്ഷമതയുള്ള കോടതി നിയമിച്ച മൈനറുടെ വസ്തുവിന്റെ ഏതെങ്കിലും രക്ഷാകർത്താവിനോ, അല്ലെങ്കിൽ അങ്ങനെയുള്ള രക്ഷാകർത്താവിനെ അപ്രകാരം നിയമിച്ചിട്ടില്ലാത്തിടത്ത്, മൈനറുടെ മാതാപിതാക്കളിൽ ആർക്കെങ്കിലുമോ, അല്ലെങ്കിൽ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിക്കാത്തിടത്ത്, മൈനറുടെ മറേറതെങ്കിലും രക്ഷാകർത്താവിനോ കൊടുക്കേണ്ടതാണ്.

(3) വരിക്കാരന്റെ മരണസമയത്ത് ഒരു നാമനിർദ്ദേശവും പ്രാബല്യത്തിൽ ഇല്ലാതിരിക്കുന്നിടത്ത് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള തുകകൾ, അയാളുടെ നിയമാനുസൃത അവകാശികൾക്ക് കൊടുക്കേണ്ടതാണ്.

**ജപ്തിയ്ക്ക് എതിരായി സംരക്ഷണം,** 9. ഫണ്ടിൽ ഏതെങ്കിലും വരിക്കാരന്റെ വരവിൽ കൊള്ളിച്ചിരിക്കുന്ന തുക, വരിക്കാരന് നേരിടുന്ന ഏതെങ്കിലും ഋണമോ, ബാദ്ധ്യതയോ സംബന്ധിച്ച് ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിയുടേയോ ഉത്താവിന്റെയോ കീഴിൽ ജപ്തി ചെയ്യുന്നതിന് ബാദ്ധ്യസ്ഥമല്ലാത്തതാകുന്നു.

**ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്കു സംരക്ഷണം.** 10. ഈ ആക്റ്റിന്റെയോ അല്ലെങ്കിൽ പദ്ധതിയുടേയോ കീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് യാതൊരാൾക്കും എതിരായി വ്യവഹാരമോ, പ്രാസിക്യൂഷനോ മററ് നിയമാനുസൃത നടപടിയോ ഉണ്ടായിരിക്കുന്നതല്ല.

**വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.** 11 (1) ഈ ആക്റ്റിലേയോ പദ്ധതിയിലോ വ്യവസ്ഥകൾക്കു പ്രഭാവം നൽകുന്നതിന് എന്തെങ്കിലും വിഷമത ഉണ്ടാവുകയാണെങ്കിൽ, കേന്ദ്രഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, വിഷമത നീക്കം ചെയ്യുന്നതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാതെ, ആവശ്യകമോ സമീചീനമോ ആണെന്ന് തോന്നുന്ന വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും പ്രാരംഭം മുതൽ മൂന്നു വർഷം കഴിഞ്ഞശേഷം ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, ആകാവുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

**പദ്ധതി, പാർലമെന്റിന്റെ മുമ്പാകെ വയ്ക്കേണ്ടതാണെന്ന്.** 12. ഈ പദ്ധതി, അതു രൂപവത്കരിച്ചശേഷം, ആകാവുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ അത് സമ്മേളിച്ചിരിക്കുമ്പോൾ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസത്തെ കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കപ്പെട്ട സമ്മേളനമോ അല്ലെങ്കിൽ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, ഇരുസഭകളും, പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥയ്ക്ക് രൂപഭേദം വരുത്തണമെന്ന് സമ്മതിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കാൻ പാടില്ലെന്ന് സമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ, പദ്ധതിയിലെ വ്യവസ്ഥയ്ക്ക് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രീതിയിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ, പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ അല്ലെങ്കിൽ പ്രഭാവശൂന്യമാക്കലോ, ആ വ്യവസ്ഥയ്ക്കു കീഴിൽ മുമ്പു ചെയ്തിട്ടുള്ള എന്തിന്റേയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്തവിധത്തിലായിരിക്കുന്നതുമാകുന്നു.

## പട്ടിക

[3 (2)-ാം വകുപ്പുനോക്കുക]

### പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന വിഷയങ്ങൾ

(1) ഫണ്ടിലേയ്ക്ക് വരിസംഖ്യകൾ കൊടുക്കേണ്ട രീതിയിലും അങ്ങനെയുള്ള വരിസംഖ്യകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികളും.

(2) ഫണ്ടിലേയ്ക്കുള്ള വരിസംഖ്യകളിൻമേലുള്ള പലിശ കണക്കാക്കാവുന്ന രീതി.

(3) വരിക്കാർ ഫണ്ടിലേയ്ക്കു നൽകുന്ന വരിസംഖ്യകളുടെ തെളിവായി അവർക്കു നൽകേണ്ട രേഖകൾ.

(4) വരിക്കാർക്ക് ഫണ്ടിൽ അവരുടെ വരവിൽ കൊള്ളിച്ചിട്ടുള്ള തുകയിൽനിന്നും തുക എടുക്കുന്നത് എത്രത്തോളമെന്നും അതു ഏതു നിബന്ധനകൾക്കും ഉപാധികൾക്കും കീഴിലായിരിക്കണമെന്നും.

(5) ഫണ്ടിലേയ്ക്കുള്ള വരിസംഖ്യകൾ പിരിക്കാവുന്നതോ അല്ലെങ്കിൽ അതിൽനിന്നു തിരിച്ചെടുക്കാവുന്നതോ ഏതു അധികാരസ്ഥാനമാണോ അല്ലെങ്കിൽ അധികാരസ്ഥാനങ്ങളിലൂടെയാണോ എന്നും.

(6) വരിക്കാർക്ക് ഫണ്ടിൽ അവരുടെ വരവിൽ കൊള്ളിച്ചിട്ടുള്ള തുകകളിൽനിന്നു വായ്പകൾ നൽകുന്നതിനുള്ള നിബന്ധനകളും ഉപാധികളും, അങ്ങനെയുള്ള വായ്പകൾ അനുവദിക്കുന്ന അധികാരസ്ഥാനമോ അല്ലെങ്കിൽ അധികാരസ്ഥാനങ്ങളോ ഏതെന്നും.

(7) ഫണ്ടിലേയ്ക്കുള്ള വരിസംഖ്യകളും, തിരിച്ചെടുക്കലുകളും അതിൽനിന്നു അവസാനമായുള്ള പണം കൊടുക്കലുകളും, നൽകുന്ന വായ്പകളും സംബന്ധിച്ച് സൂക്ഷിക്കേണ്ട കണക്കുകളും, അങ്ങനെയുള്ള കണക്കുകൾ സൂക്ഷിക്കേണ്ട അധികാരസ്ഥാനമോ അധികാരസ്ഥാനങ്ങളോ ഏതെന്നും.

(8) ഒരു വരിക്കാരന് മരണം സംഭവിക്കുന്ന സംഗതിയിൽ ഫണ്ടിൽ അയാളുടെ വരവിലുള്ള തുക വാങ്ങുന്നതിനു ഏതെങ്കിലും ആളുടെ നാമനിർദ്ദേശവും അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദുചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതും.

(9) ഫണ്ടിലേയ്ക്കുള്ള ഏതെങ്കിലും വരിസംഖ്യയുടെ തെളിവിനായി നൽകിയിട്ടുള്ള ഏതെങ്കിലും രേഖയുടെ അസൽ നഷ്ടപ്പെട്ടുപോകയോ, കളഞ്ഞുപോകുകയോ നശിച്ചുപോകയോ ചെയ്യുന്ന സംഗതിയിൽ അതിന്റെ ഡ്യൂപ്ലിക്കേററ് നൽകുന്നതിനും അങ്ങനെയുള്ള ഡ്യൂപ്ലിക്കേററ് നൽകുന്നതിന് കൊടുക്കേണ്ട ഫീസും.

(10) പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യകമോ ഉചിതമോ ആകാവുന്നതോ ആയ മറേറതെങ്കിലും വിഷയം.